بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 03.01.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ത്ബയുടെ സംഗ്രഹം***

## വഖ്ഫെ ജദീദിന്റെ അനുഗ്രഹീതമായ 63-ാം വർഷ വിളംബരവും. സാമ്പത്തിക ത്യാഗം വരിച്ച ആഗോള ജമാഅത്തംഗങ്ങളുടെ വിശ്വാസ വർധക സംഭവങ്ങളും.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

ഇസ്ലാംമത തത്ത്വജ്ഞാനംഎന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവത്തെ പ്രാപിക്കുന്നതിനും അവനെ തിരിച്ചറിയുന്നതിനും അവനിലുള്ള വിശ്വാസം ദൃഢീകരിക്കുന്നതിനുമായി എട്ട് മാർഗങ്ങൾ വിവരിക്കുന്നുണ്ട്. അതു മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യവും പൂർത്തീകരിക്കുന്നതാണ്. ഈ സമയം ഞാൻ എന്റെ വിഷയവുമായി ബന്ധപ്പെടുത്തി അതിലെ ഒരു മാർഗത്തെ കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണി സമർപ്പിക്കുന്നതാണ്. ഹുസൂർ പറയുന്നു:

ലക്ഷ്യപ്രാപ്തിക്കായി നിശ്ചയിക്കപ്പെട്ട അഞ്ചാമത്തെ മാർഗം മുജാഹദ എന്ന ധർമ്മയത്നം ആകുന്നു. ഏതുപോലെ അല്ലാഹു പറയുന്നു:

وَ جَاهِدُوْا بِاَمْوَالِكُمْ وَاَنْفُسِكُمْ فِیْ سَبِیْلِ اللّٰهِ ۞

وَمِمَّا رَزَقْنٰهُمْ يُنْفِقُوْنَ ۞ وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا

അതായത് നിങ്ങളുടെ ധനംകൊണ്ടും ജീവൻകൊണ്ടും നിങ്ങളുടെ സർവ കഴിവുകളാലും ദൈവമാർഗത്തിൽ പരിശ്രമിക്കുവിൻ. നാം അവർക്കു നല്കിയിട്ടുള്ളതിനെ അതായത് ബുദ്ധിശക്തി, ജ്ഞാനം, വിവേചനം, വിദ്യ മുതലായതെല്ലാം നമ്മുടെ മാർഗത്തിൽ വിനിയോഗിക്കുന്നവരത്രേ വിജയികൾ. നമ്മുടെ വഴിയിൽ സർവവിധേനയും പരിശ്രമിച്ചുകൊണ്ടിരിക്കുന്നവർക്ക് നാം നമ്മുടെ മാർഗങ്ങൾ കാണിച്ചുകൊടുക്കുന്നതാണ്. (തൗബ 41, അൻഫാൽ 4, അൻകബൂത്ത് 70)

അല്ലാഹുവിന്റെ സ്നേഹം ലഭിക്കുന്നതിനായുള്ള മാർഗം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: നിങ്ങൾക്ക് ധനത്തെയും ദൈവത്തെയും ഒരുപോലെ സ്നേഹിക്കാൻ സാധ്യമല്ല. അതുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് ഭാഗ്യം കരസ്ഥമാക്കിയവൻ. ഇനി നിങ്ങളിൽ ആരെങ്കിലും അല്ലാഹുവിനോടുള്ള സ്നേഹത്താൽ അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നുവെങ്കിൽ, അവന്റെ ധനത്തിൽ മറ്റുള്ളവരെക്കാൾ കൂടുതൽ അനുഗ്രഹം ഉണ്ടാക്കുന്നതാണെന്നു ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം ധനം സ്വയം ലഭിക്കുന്ന ഒന്നല്ല. അതുകൊണ്ട് അല്ലാഹുവിനായി സമ്പത്തിന്റെ ചില ഭാഗം ഉപേക്ഷിക്കുന്നത്, അവന് ഒരിക്കലും നഷ്ടമാകില്ല. അവനതു തീർച്ചയായും തിരിച്ച് ലഭിക്കുന്നതാണ്. ഇനി ധനത്തോടുള്ള സ്നേഹത്താൽ അല്ലാഹുവിന്റെ മാർഗത്തിൽ ചെയ്യേണ്ട സേവനം നിർവഹിക്കാത്തവന് തീർച്ചയായും അതു നഷ്ടമുണ്ടാകുന്നതാണ്. പിന്നീട് ഹുസൂർ പറയുന്നു: നമ്മുടെ ജമാഅത്തിലെ ഒരോ വ്യക്തിയും ഈ പ്രതിജ്ഞ ചെയ്യേണ്ടതാണ്, അതായത് ഞാൻ ഇത്ര ചന്ദ നൽകുന്നതാണ്. അല്ലാഹുവിനോട് അങ്ങനെ പ്രതിജ്ഞ ചെയ്യുന്നവന്റെ അന്നത്തിൽ അല്ലാഹു അനുഗ്രഹമുണ്ടാകുന്നതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷകണക്കിന് ആത്മാർഥരായ ആളുകളെ ചന്ദയുടെ പ്രാധാന്യത്തിലേക്ക് ശ്രദ്ധ തിരിക്കുമ്പോൾ അവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുവേണ്ടി ധനത്യാഗകർമ്മത്തിൽ മുന്നേറുന്നതിന് പരിശ്രമിക്കുന്നു. ഈയൊരു കാരണം കൊണ്ടാണ് ഞാൻ കഴിഞ്ഞ കുറച്ചു വർഷങ്ങളായി ജമാഅത്ത് വ്യവസ്ഥിതിയുടെ ശ്രദ്ധ തിരിക്കുന്നത്. അതായത് പുതുതായി വരുന്ന ആളുകളെയും സാമ്പത്തിക പദ്ധതിയിൽ തീർച്ചയായും പങ്കെടുപ്പിക്കുക. അവർക്ക് ഇനി ഒരു രൂപ നല്കുന്നതിനാണ് കഴിവുള്ളതെങ്കിലും ശരി. അവർ അവരുടെ കഴിവനുസരിച്ച് നല്കേണ്ടതാണ്. സാമ്പത്തിക ശേഷിയുള്ള ആളുകൾ അവരുടെ ദരിദ്രരായ ബന്ധുക്കളുടെ ഭാഗത്തുനിന്നും ചന്ദ നൽകുന്നതായി ചില സ്ഥലങ്ങളിൽ കാണാൻ സാധിക്കുന്നു. ഇതു നന്മയെന്നത് ശരി തന്നെയാണ്. എന്നാൽ അവർ സ്വന്തമായും തങ്ങളുടെ കഴിവ് അനുസരിച്ച് ഇതിൽ പങ്കെടുക്കേണ്ടതാണ്. വെറും ധനം സ്വരുകൂട്ടുകയെന്നതല്ല ലക്ഷ്യം. മറിച്ച് അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കുന്നതിനായി ദീനിനുവേണ്ടി ത്യാഗം വരിക്കുകയെന്നതാണു ലക്ഷ്യം. അതുകൊണ്ട് എവിടെയാണ് ജമാഅത്ത് വ്യവസ്ഥിതി ഇത്തരത്തിൽ ചന്ദ വുസൂൽ ചെയ്യുന്നത്, അതായത് ആളുകളോട് പറഞ്ഞ് ആരുടെങ്കിലും പേരിൽ എഴുതിചേർക്കുക എന്ന കാര്യം തെറ്റാണ്. ചില അവസരങ്ങളിൽ ഇത്തരം കാര്യങ്ങളും എന്റെ അറിവിൽ വരുന്നുണ്ട്. എന്നാൽ

പൊതുവായ രീതിയിൽ എനിക്ക് കാണാൻ സാധിക്കുന്നത്, എന്നല്ല സാമ്പത്തിക ത്യാഗത്തിന്റെ റിപ്പോർട്ടുകൾ വരുമ്പോൾ പ്രത്യേകമായ നിലയിൽ കാണാൻ സാധിക്കുന്നത് ദരിദ്രരുടെ സാമ്പത്തിക ത്യാഗത്തെ കുറിച്ചാണ് കൂടുതലായും പരാമർശിക്കപ്പെടുന്നത്. ധനത്യാഗത്തിൽ പങ്കെടുക്കണമെന്ന വികാരം അവരിലാണു കൂടുതലായി കാണുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കാലഘട്ടത്തിലും ഇത്തരം ഉദാഹരണങ്ങൾ നമുക്കു കാണാൻ സാധിക്കുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കുറച്ച് പണത്തിന്റെ ആവശ്യം നേരിട്ടു. ഒരു സുഹൃത്തിനോടു പറഞ്ഞു: ഇന്ന ഒരു ആവശ്യമുണ്ട്. അത് താങ്കളുടെ ജമാഅത്തിനോട് പറയുക. ജമാഅത്തിനോടു പറയുന്നതിനു പകരമായി അദ്ദേഹം ആ തുക സ്വയം സംഘടിപ്പിച്ചു നല്കി. എന്നാൽ ആ പട്ടണത്തിലെ ജമാഅത്തിൽ നിന്നുള്ള തുകയാണെന്ന പ്രതീതി (ആ ത്യാഗം) ഉളവാക്കുകയുമുണ്ടായി. അതു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറിവിലും വന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ ജമാഅത്തിലെ തന്നെ മറ്റൊരു വ്യക്തിയോടു നന്ദി പ്രകടിപ്പിച്ചു കൊണ്ടു പറ ഞ്ഞു: നിങ്ങളുടെ ജമാഅത്ത് വളരെ അത്യാവശ്യമായ ഘട്ടത്തിൽ വലിയ സഹായമാണു ചെയ്തത്. ആ വ്യക്തിപരമായ ത്യാഗം അപ്പോഴാണ് വെളിപ്പെട്ടത്. എന്തുകൊണ്ട് ഈ സേവനത്തിനു ഞങ്ങൾക്ക് അവസരം നൽകിയില്ലയെന്നു പറഞ്ഞു ബാക്കിയുള്ള ജമാഅത്ത് അംഗങ്ങൾ നീരസം പ്രകടിപ്പിച്ചു. ഈ തുക നല്കിയത് മുൻശി സഫർ അഹ്മദ് സാഹിബ് ആയിരുന്നു. അദ്ദേഹം ആ സമയം തന്റെ ഭാര്യയുടെ ആഭരണങ്ങൾ വിറ്റാണ് ആ തുക സംഘടിപ്പിച്ചത്. തീർച്ചയായും അദ്ദേഹത്തിന്റെ ഭാര്യയും ആ ത്യാഗത്തിൽ പങ്കെടുത്തിരുന്നു. അത്തരം ആളുകളെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയത്. അവർ അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കുന്നതിനായി എല്ലാവിധ ത്യാഗങ്ങൾക്കും ഒരുക്കമായിരുന്നു. അത് നബി(സ) തിരു മേനിയുടെ സഹാബാക്കളുടെ മാതൃകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചവരും അതനുസരിച്ചു പ്രവർത്തിച്ചു. അത് ആ കാലഘട്ടത്തിൽ മാത്രമുള്ള കാര്യമല്ല. മറിച്ച് ഇന്നും ആ പരമ്പര തുടരുകയാണ്.

ഗാംബിയായിലെ ഒരു സുഹൃത്ത് അബ്ദുറഹ്മാൻ സാഹിബ് തന്റെ കുട്ടികൾക്കുള്ള സ്ക്കൂൾ ഫീസ് അടക്കുന്ന കാര്യത്തിൽ വലിയ പ്രയാസം അനുഭവിച്ചിരുന്നു. അങ്ങനെ അദ്ദേഹം സെൻട്രൽ മുബലിഗ് സാഹിബിനോട് കാര്യം പറഞ്ഞു. അദ്ദേഹത്തിന്റെ സാമ്പത്തിക നില നല്ലതായിരുന്നില്ല. മുബലിഗ് സാഹിബ് അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ ധനത്യാഗം ചെയ്യുക. അല്ലാഹു താങ്കളെ അനുഗ്രഹിക്കുന്നതാണ്. അപ്പോൾ അദ്ദേഹം 250 ഡലാസി വഖ്ഫെ ജദീദ് ചന്ദഃയായി നല്കുകയുണ്ടായി. പറയുന്നു: ചന്ദഃ നല്കി കൃത്യം ഒരാഴ്ച കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന് അയ്യായിരം ഡലാസി മാസവരുമാനമുള്ള ഒരു ജോലി ലഭിച്ചു. അതുകാരണം അദ്ദേഹത്തിനു വളരെ എളുപ്പത്തിൽ കുട്ടികളുടെ സ്കൂൾ ഫീസ് നൽകാൻ സാധിച്ചു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ദരിദ്രർ എപ്രകാരമാണ് ത്യാഗം ചെയ്ത് അല്ലാഹുവിൽ പ്രതീക്ഷ അർപ്പിക്കുന്നതെന്നും പിന്നീട് അല്ലാഹു ആ പ്രതീക്ഷയെ എപ്രകാരമാണ് വിലമതിക്കുന്നതെന്നും നോക്കുക. ഗിനിബസാവുയിലെ മിഷണറി സാഹിബ് ഒരു സംഭവം വിവരിക്കുന്നു: ഒരു സുഹൃത്ത് മോൻടേറോ കമാർ സാഹിബ്, വഖ്ഫെ ജദീദ് വാഗ്ദാനം നൽകുന്നതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചു. പറഞ്ഞു: എന്റെ പക്കൽ ഈ സമയം നാലായിരം ഫ്രാങ്ക്സിഫയാണ് ഉള്ളത്. അതു ഞാൻ ഇന്നത്തെ ആഹാരത്തിനുവേണ്ടി മാറ്റിവെച്ചതാണ്. അങ്ങനെ അദ്ദേഹം ആഹാരത്തിനായി മാറ്റിവെച്ച ആ തുക ചന്ദഃയായി നൽകി. ആഹാരത്തിനായി മറ്റാരിൽനിന്നോ അദ്ദേഹം കടം വാങ്ങി. പറയുന്നു: അടുത്ത ദിവസം അദ്ദേഹത്തിന്റെ മകൾ പട്ടണത്തിൽനിന്നു വന്നു. അവർക്കായി രണ്ടു ചാക്ക് അരിയും ഒരു ടിൻ എണ്ണയും കുറച്ചു പണവും മറ്റു സാധാനങ്ങളും കൊണ്ടാണു അവൾ വന്നത്. അദ്ദേഹത്തിന് അങ്ങനെ ദൃഢവിശ്വാസമുണ്ടായി. പറയുന്നു: ആഹാരത്തിനായി മാറ്റിവെച്ച ഏതൊരു തുകയാണ് ഞാൻ ചന്ദയായി നല്കിയത്, അതിൽ അല്ലാഹു ചന്ദഃ നല്കിയ കാരണത്താൽ എത്രമാത്രം അനുഗ്രഹം നൽകിയെന്നാൽ അളവറ്റ വസ്തുക്കൾ അടുത്ത ദിവസം തന്നെ എനിക്ക് ഭക്ഷണത്തിനായി ലഭിച്ചു.

ഖാദിയാനിൽ നിന്ന് സെക്രട്ടറി വഖ്ഫെ ജദീദ് മാമൂൻ റശീദ് സാഹിബ് എഴുതുന്നു: ഒരു സഹോദരൻ സുലേജ സാഹിബിനു കഴിഞ്ഞ വർഷം ചില കുടുംബപ്രശ്നങ്ങൾ കാരണം ചന്ദഃയിൽ കുടിശ്ശിക വന്നിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ, വർഷം അവസാനിക്കാൻ പോകുന്നു അതുകൊണ്ടു വേഗം ചന്ദഃ നൽകണമെന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. എന്നാൽ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ചന്ദഃ പൂർത്തിയാക്കാൻ വേണ്ടത്ര തുകയുണ്ടായിരുന്നില്ല. മറിച്ച് നൽകേണ്ട തുകയുടെ വെറും മുപ്പത് ശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എപ്രകാരം അതു പൂർത്തിയാക്കുമെന്നതിൽ അദ്ദേഹം വളരെയധികം ചിന്താകുലനായി. അവസാനം അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക അത്രയും ചന്ദയായി നൽകി. അദ്ദേഹം പറയുന്നു: അല്ലാഹുവിൽനിന്ന് അത്ഭുതകരമായ നിലയിൽ അൽപ സമയത്തിനുള്ളിൽ തന്നെ അകൗണ്ടിലേക്ക് കുറച്ച് അധിക പണം വന്നു ചേർന്നു. അതു ബാക്കി തുകനല്കുന്നതിനു മതിയാകുമായിരുന്നു. അങ്ങനെ ആ സമയത്തു തന്നെ ആ തുക വാഗ്ദാനാടിസ്ഥാനത്തിൽ നല്കി അദ്ദേഹം പൂർത്തിയാക്കി. പറയുന്നു: എപ്പോഴും വാഗ്ദാനങ്ങൾ വർഷാവസാനത്തിൽ തന്നെ അദ്ദേഹം പൂർത്തിയാക്കുമായിരുന്നു. എന്നാൽ ഈ വർഷം അദ്ദേഹത്തിനും അദ്ദേ

ഹത്തിന്റെ കുട്ടിക്കും അസുഖം ബാധിച്ചതിനാൽ കുടിശ്ശിക വന്നുപോയി. വലിയ പ്രയാസത്തിലായിരുന്നു. എന്നാൽ അല്ലാഹു ദൃഷ്ടാന്ത രൂപേണ അതിനുള്ള സംവിധാനം ഒരുക്കി. പറയുന്നു: അത് തന്റെ വിശ്വാസത്തിൽ ദൃഢത പ്രദാനം ചെയ്തിരിക്കുന്നു.

ഇന്ത്യയിലെ അബ്ദുൽ മഹ്മൂദ് സാഹിബ് ഇൻസ്പെക്ടർ വഖ്ഫെ ജദീദ് ഒരു സ്നേഹിതന്റെ സംഭവം വിവരിക്കുന്നു: അദ്ദേഹത്തിന് പലവ്യഞ്ജനത്തിന്റെ മൊത്ത വ്യാപരമായിരുന്നു. അദ്ദേഹം ദിവസവും കട തുറക്കുമ്പോൾ 100 രൂപ ഒരു പെട്ടിയിൽ കൃത്യമായി നിക്ഷേപിച്ചിരുന്നു. അതുമുഖേന തന്റെ വാദ്ഗാനം ചെയ്ത ചന്ദഃയും നൽകികൊണ്ടിരുന്നു. പറയുന്നു: ഒരു ദിവസം കടയിൽ സാധനങ്ങൾ വാങ്ങുന്നതിനായി വളരെ കുറച്ച് ആളുകൾ മാത്രമാണ് വന്നത്. പിറ്റേ ദിവസം കട തുറന്നപ്പോൾ 100 ന് പകരം 300 രൂപ ആ പെട്ടിയിൽ നിക്ഷേപിച്ചു. ഇന്ന് എന്തുകൊണ്ട് അല്ലാഹുവുമായി ഒരു കച്ചവടത്തിൽ ഏർപ്പെട്ടു കൂടാ? എന്ന് അദ്ദേഹം മനസ്സിൽ ചിന്തിച്ചു. അല്ലാഹുവിന്റെ കൃപാവരം എപ്രകാരം ഉണ്ടായെന്നാൽ, പറയുന്നു: ആ ദിവസം ഉച്ചകഴിഞ്ഞ്, എന്റെ അടുക്കൽ 6 കസ്റ്റമേഴ്സ്വന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ ദിവസം വളരെയധികം വരുമാനം ലഭിച്ചു. പറയുന്നു: അല്ലാഹു മനുഷ്യനിൽ തൃപ്തിപ്പെട്ടാൽ പിന്നെ അവൻ നല്കുന്നത് സ്വരുകൂട്ടാൻ മനുഷ്യന്റെ രണ്ടു കൈകൾക്കും കഴിയുകയില്ല.

തൻസാനിയയിലെ അമീർ സാഹിബ് എഴുതുന്നു: അറുശാ റീജിയണിലെ ഒരു ജമാഅത്തിൽ ചന്ദഃയെ കുറിച്ചു വിവരിച്ചു. ഒരു ദരിദ്രയായ സ്ത്രീ, ഫാത്തിമ സാഹിബ അവർ വാഴപ്പഴവും മറ്റു ഫലങ്ങളുംവില്പന നടത്തിയാണ് ജീവിതം കഴിച്ചു കൂട്ടിയിരുന്നത്. അവർ രണ്ടു ദിവസത്തെ മുഴുവൻ വരുമാനവും വഖ്ഫെ ജദീദ് ചന്ദയായി നൽകി. തന്റെ കുടുംബത്തെയും കൃത്യമായി വഖ്ഫെ ജദീദിൽ പങ്കെടുപ്പിച്ചു. അതുപോലെ തന്നെ ജമാഅത്തിലെ ഒരു നിരാലംബയായ ഒരു വനിതയെയും ഇതിലേക്കു ശ്രദ്ധ ചെലുത്തിയപ്പോൾ അടുത്ത ദിവസം രാവിലെ 8 മണിക്ക് അവർ സ്വയം മിഷൻ ഹൗസിൽ വന്നു. 5000 ഷെല്ലിംഗ് വഖ്ഫെ ജദീദ് ചന്ദഃയായി നല്കി. ഇവർ എപ്രകാരമാണ് ധനത്യാഗം ചെയ്യുന്നതെന്നു കാണുമ്പോൾ അത്ഭുതം തോന്നി പോകുന്നുവെന്ന് ഇങ്ങനെയുള്ള ആളുകളെ സംബന്ധിച്ചാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നത്.

ഇന്ത്യയിലെ വഖ്ഫെ ജദീദ് ഇൻസ്പെക്ടർ ഒരു പെൺകുട്ടിയെ കുറിച്ചു പറയുന്നു: ഒരുപാടു വർഷമായി വഖ്ഫെ ജദീദ് നല്കി വരുന്നു. ഒരു സഞ്ചിയിൽ തുക സ്വരുകൂട്ടി വെച്ചിരുന്നു. അവൾക്ക് സംസാരിക്കാനോ കേൾക്കാനോ കഴിവ് ഉണ്ടായിരുന്നില്ല. എന്നാൽ എന്ത് തുക ലഭിച്ചാലും അവൾ ചന്ദഃയായി നല്കുമായിരുന്നു. മറ്റുള്ളവർ ചന്ദഃ നല്കുന്നതുകണ്ട് അവൾക്കും താല്പര്യം ജനിച്ചതാണ്.

ഇനി ഞാൻ കഴിഞ്ഞ വർഷം വഖ്ഫെ ജദീദ് ചന്ദഃയായി ത്യാഗം വരിച്ചതിന്റെയും മറ്റും റിപ്പോർട്ട് സമർപ്പിക്കുകയും അതോടൊപ്പം പുതുവർഷ വിളംബരം നടത്തുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിന്റെ 62-ാമത്തെ വർഷം ഡിസംബർ 31 ന് അവസാനിച്ചു. പുതുവർഷം ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നു. ഈ കാലയളവിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് വഖ്ഫെ ജദീദിനായി 96,43,000 പൗണ്ടിന്റെ ധനത്യാഗം വരിക്കാനുള്ള ഭാഗ്യം ലഭിച്ചു. കഴിഞ്ഞ വർഷത്തെക്കാൾ ഈ തുകയിൽ 5 ലക്ഷം പൗണ്ടിന്റെ വർധനവ് ഉണ്ടായിട്ടുണ്ട്.

ഈ വർഷം ലോക ജമാഅത്തുകളിൽ വച്ച് യു.കെ ഒന്നാം സ്ഥാനത്താണ്. പിന്നെ പാകിസ്ഥാൻ, ജർമ്മനി, അമേരിക്ക, കാനഡ, പിന്നെ ഇന്ത്യ, ആസ്ട്രേലിയ, ഇന്തോനേഷ്യ, പിന്നെ മിഡിൽ ഇസ്റ്റിലെ രണ്ടു ജമാഅത്തുകൾ.

കഴിഞ്ഞ വർഷം പ്രദേശിക കറൻസിയുടെ അടിസ്ഥാനത്തിൽ വർധനവ് വരുത്തിയ ആദ്യ 10 ജമാഅത്തുകളിൽ, ഇന്തോനേഷ്യ ഒന്നാം സ്ഥാനത്താണ്. ശേഷം ജർമ്മനി, അമേരിക്ക. ഇത് 3 വലിയ ജമാഅത്തുകളാണ്. ഇന്ത്യയും വലിയ വർധനവ് വരുത്തിയിട്ടുണ്ട്. പിന്നെ കാനഡ, യു.കെ, മിഡിൽ ഈസ്റ്റിലെ ജമാഅത്തുകളാണ്. പാകിസ്ഥാനെയും ആസ്ട്രേലിയയെയും വച്ച് നോക്കുമ്പോൾ ഇന്ത്യയുടെ പ്രാദേശിക കറൻസിയുടെ വർധനവ് ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യങ്ങളെ അപേക്ഷിച്ച് അധികമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ 5-ാം സ്ഥാനത്താണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം വഖ്ഫെ ജദീദിൽ പങ്കെടുത്ത ആളുകളുടെ എണ്ണം 18,21,000 ആണ്. ഈ വർഷം 89,000 പേരുടെ വർധനവ് ഉണ്ടായിട്ടുണ്ട്.

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. ജമ്മുകശ്മീർ രണ്ടാം സ്ഥാനത്ത്, കർണാടക മൂന്നാം സ്ഥാനത്ത്, പിന്നെ തമിഴ്നാട്, തെലുങ്കാന, ഒഡീഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, ദില്ലി, ആന്ധ്രപ്രദേശ്.

ഇന്ത്യയിലെ ജമാഅത്തുകൾ, പത്തപിരിയം ഒന്നാം സ്ഥാത്ത്, ഖാദിയാൻ രണ്ടാം സ്ഥാനത്ത്, പിന്നെ ഹൈദരാബാദ്, കോഴിക്കോട്, ബാംഗ്ലൂർ, കോയമ്പത്തൂർ, കൽകട്ട, കരുളായി, കേരങ്ക്, പഴയങ്ങാടി.

ഹുസൂർ തിരുമനസ്സ് പറയുന്നു: പാകിസ്ഥാനിലെ ജീവിതാവസ്ഥ സാമൂഹികമായ നിലയിൽ മോശമായികൊണ്ടിരിക്കുന്നു. ഇതുകാരണം കറൻസിക്ക് യാതൊരു മൂല്യവുമില്ല. അതുകൊണ്ട് അവരുടെ സ്ഥാനവും പിന്നിലേക്കു പോയി. എന്നാൽ അവരുടെ ത്യാഗത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. പിന്നെ ഇന്ത്യ പാകിസ്ഥാൻ തമ്മിലുള്ള ബന്ധത്തിൽ സങ്കീർണത വർധിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ ഇന്ത്യയിൽ,

വാർത്തകളുടെ അടിസ്ഥാനത്തിൽ ആഭ്യന്തര അവസ്ഥയും വളരെ മോശമാണ്. ലോകത്തിന്റെ പൊതുവിലുള്ള അവസ്ഥയും ഇപ്രാകാരം തന്നെയാണ്. ഇതെല്ലാം നാശത്തെ ക്ഷണിച്ചു വരുത്തുന്നതുപോലെയാണ് തോന്നിപ്പിക്കുന്നത്. അറേബ്യൻ രാജ്യങ്ങളുടെ അവസ്ഥയും ഇപ്പോൾ മോശമായി കൊണ്ടിരിക്കുകയാണ്. ഇറാന്റെയും അമേരിക്കയുടെയും ഇസ്റായീലിന്റെയും യുദ്ധഭീതി വർധിക്കുന്നു. മുസ്‌ലിം രാജ്യങ്ങൾക്ക് പരസ്പര ഐക്യമില്ല. അതുകൊണ്ട് ലോകത്തെ നാശത്തിൽനിന്നു രക്ഷിക്കുന്നതിനും അല്ലാഹുവിലേക്കു തിരിക്കുന്നതിനുംവേണ്ടി നമുക്കു ദുആ അധികമായി ചെയ്യേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ. അവർക്കു ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ.

പുതുവർഷം ആരംഭിച്ചിരിക്കുകയാണ്. നമ്മൾ പരസ്പരം ആശംസകളും അർപ്പിക്കുന്നു. എന്നാൽ അന്ധകാരം നിഗൂഢത പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ ഈ വർഷം അനുഗ്രഹപൂർണമായി തീരുവാൻ നമ്മുക്ക് അല്ലാഹുവിന്റെ മുമ്പിൽ ദുആ ഇരകേണ്ടത് നിർബന്ധമാണ്. അല്ലാഹു ഈ വർഷത്തെ അപ്രകാരം അനുഗ്രഹിക്കട്ടെ എന്നാൽ, ലോക ഭരണകൂടങ്ങൾ അവരുടെ മഹത്വം പ്രകടിപ്പിക്കുന്നതിനായി ലോകത്തെ വിനാശത്തിലേക്കു കൊണ്ടുപോകുന്നതിനു പകരം ലോകത്ത് സമാധാനവും നീതിയും നടപ്പാക്കുന്നവരാകട്ടെ. അവരുടെ ദുരഭിമാനത്തിൽപെട്ട് രാജ്യങ്ങളുടെ നേട്ടത്തിനായി മനുഷ്യത്വത്തെ നശിപ്പിക്കുന്നവരായി മാറാതിരിക്കട്ടെ. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഈ മുസ്‌ലിം രാജ്യങ്ങൾ, നബി[സ] തിരുമേനിയുടെ സത്യസന്ധനായ ദാസൻ, ഹദ്റത്ത്മസീഹ് മൗഊദ്[അ]ന്റെ ഒപ്പം ചേർന്ന് നബി[സ] തിരുമേനിയുടെ പാതാക ലോകത്ത് പാറിപറത്തുന്നതിനു സഹായിക്കുന്നവരാകട്ടെ. തൗഹീദിനെ ലോകത്ത് സ്ഥാപിക്കുന്നവരായി മാറട്ടെ. അല്ലാതെ ഹദ്റത്ത് മസീഹ് മൗഊദ്[അ]നോടു ശത്രുത പുലർത്തുന്നവരാകാതിരിക്കട്ടെ. അല്ലാഹു നമുക്ക് മുമ്പത്തേക്കാൾ ഉപരിയായി കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതിന്റെ കടമ പൂർത്തിയാക്കുന്നതിനു തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ. ഈ കടമ പൂർത്തിയാക്കികൊണ്ട് ലോകത്ത് തൗഹീദിന്റെ പതാക പാറിപറത്തുന്നവരാകട്ടെ. ലോകത്തെ നബി[സ] തിരുമേനിയുടെ പതാകക്ക് കീഴിൽ കൊണ്ടുവരുന്നവരാകട്ടെ. അതിനായി നമ്മുടെ എല്ലാ കഴിവും മാർഗങ്ങളും വിനിയോഗിക്കുന്നവരാകട്ടെ. ഇനി നാം ഇതു ചിന്തിക്കുന്നില്ല; അല്ലെങ്കിൽ ആ ചിന്തയോടൊപ്പം ദുആ ചെയ്യുന്നില്ല; സ്വന്തം ദുആയോടുകൂടി പുതുവർഷത്തിൽ പ്രവേശിക്കുന്നില്ലായെങ്കിൽ പിന്നെ പുതുവർഷത്തിൽ നാം പരസ്പരം നല്കുന്ന ആശംസകൾ വെറും പൊള്ളയായിരിക്കും. അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല.

അതുകൊണ്ടു പുതുവർഷത്തിന്റെ യഥാർഥ ആശംസ നാം നമ്മുടെ ഉത്തരവാദിത്തതിൽ അർപ്പിക്കുക. അത് അഹ്മദികളിൽ ചെറുതും വലുതും സ്ത്രീയും പുരുഷനും എല്ലാവർക്കും ഈ വികാരം ഉണ്ടായിരിക്കണം. അതിനായി എല്ലാ പരിശ്രമങ്ങളും കഴിവുകളും ഉപയോഗിക്കേണ്ടതാണ്. നമ്മുടെ ദുആകളിലും അല്ലാഹുവുമായുള്ള ബന്ധത്തിലും ഒരു പ്രത്യേക വികാരം ഉണ്ടാക്കിയെടുക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ ഈ വർഷം യഥാർഥ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതായി മാറുകയുള്ളൂ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ
عَلَيْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ يُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِی الْقُرْبٰی وَ يَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ يَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ يَذْکُرْکُمْ وَ ادْعُوْہُ يَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** [atba]

at Baithul Futuh, UK – on 03.01.2020

Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516